**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 603** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഗവേഷകർക്ക് നൽകിവരുന്ന പിന്തുണ</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. എം. വിൻസെന്റ് | ശ്രീമതി കെ. എ. തുളസി |
| ശ്രീമതി കെ. കെ. രമ | (പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി) |
| ശ്രീ. വി. ടി. സൂരജ് | |
| ശ്രീമതി വിദ്യാ ബാലകൃഷ്ണൻ | |

**(എ)** പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഗവേഷകർക്ക് ഏർപ്പെടുത്തിയിട്ടുള്ള ഫെല്ലോഷിപ്പും ഗ്രാൻറും യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും എന്തെല്ലാം സാമ്പത്തിക, സാമൂഹിക പിന്തുണകളാണ് പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനായി ലഭ്യമാക്കുന്നതെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പോസ്റ്റ്മെട്രിക് തലത്തിൽ പഠനം നടത്തുന്ന പിന്നാക്ക വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം ചെയ്യുമ്പോൾ പിന്നാക്ക വിഭാഗത്തിലെ ഗവേഷക വിദ്യാർത്ഥികൾക്ക് മുൻഗണന നൽകി, ക്ലെയിമുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൃത്യമായി തുക വിതരണം നടത്തി വരുന്നുണ്ട്.

മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിവിധ സ്കോളർഷിപ്പ് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഒ.ബി.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഇന്ത്യയിലും വിദേശത്തും ഉന്നത വിദ്യാഭ്യാസത്തിനായി സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വിദ്യാഭ്യാസ വായ്പകൾ അനുവദിക്കുന്നുണ്ട്. ഇന്ത്യയിൽ പഠിക്കുന്നതിന് 3% മുതൽ 8% വരെ പരമാവധി 25 ലക്ഷം രൂപയും, വിദേശ പഠനത്തിന് 3% മുതൽ 9.5% വരെ പരമാവധി 50 ലക്ഷം രൂപ വരെയും അനുവദിക്കുന്നുണ്ട്.

**(ബി)** പിന്നാക്ക വിഭാഗങ്ങളിലെ യുവജനങ്ങൾക്ക് ഉന്നത വിദ്യാഭ്യാസത്തിനും സംരംഭകത്വത്തിനും കുറഞ്ഞ പലിശ നിരക്കിൽ പ്രത്യേക വായ്പാപദ്ധതികൾ ഏർപ്പെടുത്തുമോ; എങ്കിൽ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ പിന്നോക്ക വിഭാഗങ്ങളിലെ യുവജനങ്ങൾക്ക് സംരംഭകത്വത്തിനു കുറഞ്ഞ പലിശ നിരക്കിൽ സ്വയം തൊഴിൽ വായ്പകൾ അനുവദിക്കുന്നുണ്ട്. സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനായി 6 % മുതൽ 8 % വരെ പലിശ നിരക്കിൽ പരമാവധി 25 ലക്ഷം രൂപ വരെ സ്വയം തൊഴിൽ വായ്പ അനുവദിക്കുന്നു. പ്രൊഫഷണൽ യോഗ്യത നേടിയ മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തങ്ങളുടെ യോഗ്യതയുമായി ബന്ധപ്പെട്ട സംരംഭങ്ങൾ തുടങ്ങുന്നതിനായി പരമാവധി 20 ലക്ഷം രൂപ വരെ സ്റ്റാർട്ട് അപ്പ് സ്വയം തൊഴിൽ വായ്പ അനുവദിക്കുന്നുണ്ട്.

**(സി)** സംസ്ഥാനത്തിന്റെ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ ഉന്നമനത്തിൽ പങ്കുവഹിച്ച പിന്നാക്ക വിഭാഗങ്ങളിൽ നിന്ന് ഉയർന്നുവന്ന മഹാൻമാരുടെ ജീവിതവും സാമൂഹിക ഇടപെടലുകളും അവർ നല്കിയ സംഭാവനകളും ചരിത്രപരമായി പഠിക്കപ്പെടേണ്ടതും അടയാളപ്പെടുത്തേണ്ടവയുമായതിനാൽ അതിനായുള്ള ഗവേഷണ-പഠന പ്രവർത്തനങ്ങൾക്ക് പ്രത്യേക പദ്ധതികൾ ആലോചനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**<u>മറുപടി:</u>** സംസ്ഥാനത്തിന്റെ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ ഉന്നമനത്തിൽ പങ്കുവഹിച്ച പിന്നാക്ക വിഭാഗങ്ങളിൽ നിന്ന് ഉയർന്നു വന്ന മഹാന്മാരുടെ ജീവിതവും സാമൂഹിക ഇടപെടലുകളും അവർ നൽകിയ സംഭവനകളും ചരിത്രപരമായി പഠിക്കപ്പെടേണ്ടതും അടയാളപ്പെടുത്തേണ്ടവയുമായതിനാൽ അതിനായുള്ള ഗവേഷണ-പഠന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിക്കുകയും 2026-27 വർഷത്തെ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ഈ വിഷയം ഉൾപ്പെടുത്തുകയും ചെയ്തിട്ടുമുണ്ട്.

**സെക്ഷൻ ഓഫീസർ**